## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7825. 15.07.2014 ൽ മറുപടിയ്ക്ക്

### വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

| ചോദ്യം<br>ശ്രീ. പി.എ. മാധവൻ<br>,, പാലോട് രവി<br>,, സണ്ണിജോസഫ്<br>,, ലൂഡി ലൂയിസ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാൻ സംസ്ഥാനതലസമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഇല്ല.<br>എന്നാൽ സർക്കാരിന്റെ 01/06/1990 ലെ ജി.ഒ.(ആർ.ടി.) നം. 851/90/ പി.ഡബ്ല്യൂ.ആന്റ്.ടി എന്ന ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാകളക്ടർ ചെയർമാനായി സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 18/09/1990 ലെ ജി.ഒ.(ആർ.ടി) നമ്പർ 1324/90/ പി.ഡബ്ല്യൂ.ആന്റ്.ടി എന്ന ഉത്തരവ് അനുസരിച്ച് പ്രസ്തുത കമ്മിറ്റി പ്രവർത്തിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | ഓരോ ജില്ലയിലേയും വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. എല്ലാ വർഷവും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് പ്രസ്തുത കമ്മിറ്റി യോഗം കൂടേണ്ടതും |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കേണ്ടതുമാണ് എന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർ മാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. മാത്രമല്ല, വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും യോഗം ചേരണ മെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം യാത്രാപ്രശ്നങ്ങൾക്കാണ് സമിതി പരിഹാരം കാണാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | (സി) | വിദ്യാർത്ഥികൾക്കുള്ള കൺസഷൻ കാർഡ് വിതരണം, പ്രൈവറ്റ് ബസ്സിൽ വിദ്യാർത്ഥികളെ രണ്ടാംതരം പൗരന്മാരായി ചിത്രീകരിക്കുന്നുവെന്നുള്ള പരാതികൾ,വിദ്യാർത്ഥികൾ നിൽക്കുന്ന ബസ് സ്റ്റോപ്പുകളിൽ ബസ്സ് നിർത്തുന്നില്ല, ബസ്സ് വിടാൻ സമയത്ത് മാത്രമേ വിദ്യാർത്ഥികളെ ബസ്സിൽ കയറുവാൻ അനുവദിക്കുന്നുള്ളൂ എന്നീ പരാതികൾ, വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കുന്നില്ല എന്നും അവരിൽ നിന്നും അമിത യാത്രാക്കൂലി വാങ്ങുന്നുവെന്നുമുള്ള പരാതികൾ തുടങ്ങി യവയ്ക്കാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി വഴി പരിഹാരം കാണേണ്ടത്. |

സെക്ഷൻ ഓഫീസർ.